**ഔത്താനപാദേ ഭഗവാംസ്തവ ശാർങ്ഗധന്വാ**
**ദേവ: ക്ഷിണോത്വവനതാർത്തിഹരോ വിപക്ഷാൻ**
**യന്നാമധേയമഭിധായ നിശമ്യ ചാദ്ധാ**
**ലോകോ$f$ഞ്ജസാ തരതി ദുസ്തരമംഗ മൃത്യും (4-10-30)**

മൈത്രേയൻ തുടർന്നു:
ധ്രുവൻ ബ്രാഹ്മിയെ വിവാഹം ചെയ്തു. അവർക്ക് കൽപ എന്നും വത്സര എന്നും പേരായ രണ്ടു പുത്രൻമാരുണ്ടായി. ധ്രുവന്റെ മറ്റൊരു ഭാര്യയായ ഇലയിൽ ഉത്കലൻ എന്നൊരു പുത്രനും ഒരു പുത്രിയും ഉണ്ടായി. ധ്രുവന്റെ അനുജൻ ഉത്തമൻ വിവാഹത്തിനു മുൻപേ മരിച്ചുപോയി. അവന്റെ അമ്മ സുരുചിയാകട്ടെ അതിന്റെ ദു:ഖത്തിൽ ഹൃദയം തകർന്നു മരണപ്പെട്ടു. ഹിമാലയസാനുക്കളിൽ നായാട്ടിനുപോകവെ ഒരു യക്ഷനാണ് ഉത്തമനെ കൊന്നത്. ഇതറിഞ്ഞ് ധ്രുവൻ യക്ഷൻമാരെ യുദ്ധത്തിനായി വെല്ലുവിളിച്ചു. അവരുടെ തലസ്ഥാനമായ അളകനഗരത്തിൽച്ചെന്ന് ശംഖൂതി യുദ്ധത്തിന് മുന്നോടി കുറിച്ചു.

ദേവഗണങ്ങളിൽപ്പെട്ട അസംഖ്യം യക്ഷന്മാർ ധ്രുവന്റെ നേരെ പാഞ്ഞടുത്തു. യുദ്ധതന്ത്രങ്ങളിൽ നിപുണനായ ധ്രുവൻ എല്ലാവരുടേയും നെറ്റിയിൽ മുമ്മൂന്ന് അസ്ത്രങ്ങൾ എയ്തു തറച്ചു. ഇതുകണ്ടു വിസ്മയംപൂണ്ട യക്ഷർ ശത്രുവിന്റെ യുദ്ധനൈപുണ്യത്തെ വാഴ്ത്തി. എന്നിട്ട് പലേതരത്തിലുള്ള ആയുധങ്ങൾ ധ്രുവനുനേരെ ചൊരിഞ്ഞു. ധ്രുവൻ അവയ്ക്കോരോന്നിനും എതിരായുള്ള ആയുധങ്ങൾ പ്രയോഗിച്ചു.

യുദ്ധം കൊടുമ്പിരി കൊണ്ടു. ധ്രുവന്റെ ആയുധങ്ങൾ ശത്രുസൈന്യത്തിൽ മരണം വിതച്ചു. തലകളും കബന്ധങ്ങളും അവിടെ ചിതറികിടന്നു. ജീവിച്ചിരിക്കുന്ന യക്ഷന്മാരെ ധ്രുവൻ കീഴടക്കുകയും ചെയ്തു. എങ്കിലും മറ്റു ചില യക്ഷന്മാർ കുതന്ത്രങ്ങളിലും മായാവിദ്യകളിലും മിടുക്കന്മാരായിരുന്നു. ഈ തന്ത്രങ്ങളെപ്പറ്റി അറിഞ്ഞിരുന്നതുകൊണ്ട് യക്ഷനഗരത്തിനുള്ളിലേക്ക് ധ്രുവൻ കയറിയതേയില്ല. യുദ്ധം മുഴുവൻ നഗരത്തിനു പുറത്തായിരുന്നു.

പെട്ടെന്ന് നാനാഭാഗത്തുനിന്നും മേഘവും ഇടിയും മിന്നലും വന്നു ഭൂമി നിറഞ്ഞു. മേഘങ്ങൾ ചൊരിഞ്ഞത് വൃത്തികെട്ട വസ്തുക്കളായിരുന്നു. പിന്നീട് ഒരു മായാപർവ്വതം പ്രത്യക്ഷപ്പെട്ട് അതിൽ നിന്ന് ആയുധവർഷം തുടങ്ങി. സമുദ്രം യഥാർത്ഥത്തിൽ വളരെ അകലത്തായിരുന്നുവെങ്കിലും മായാവികൾക്ക് സമുദ്രപ്രതീതി ജനിപ്പിക്കാൻ കഴിഞ്ഞു. യുദ്ധഭൂമിയിലെ സമുദ്രങ്ങൾ പ്രളയഭീതി ഉണ്ടാക്കാൻ പോന്നത്ര ഭീകരാവസ്ഥയിലായിരുന്നു.

ധ്രുവന്റെ ദയനീയാവസ്ഥയിൽ മനംനൊന്ത ഋഷിമാർ പ്രാർത്ഥിച്ചു. “ധ്രുവാ, സാരംഗപാണിയായ, ദുഖ:രക്ഷകനായ ഭഗവാൻ നിന്റെ ശത്രുക്കളെ നശിപ്പിക്കാനിടവരുത്തട്ടെ. ആ ദിവ്യനാമോച്ചാരണ മാത്രയിൽത്തന്നെ കീഴടക്കാൻ അസാദ്ധ്യമായ മരണത്തെപ്പോലും മറികടക്കാൻ കഴിയുമല്ലോ.”